KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വളർച്ച ഇല്ലായ്മ (Mental Retardation), ബഹുവൈകല്യം (Multiple Disabilities) മുതലായ അവസ്ഥകളിൽ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരിൽ ഒരാൾക്ക്, നിലവിൽ സർക്കാർ ജീവനക്കാർക്ക് ജോലി സമയത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഇളവുകൾക്ക് പുറമേ, ഒരു മാസം ആകെയുള്ള ജോലി സമയത്തിൽ പരമാവധി 16 മണിക്കൂർ കൂടി ഇളവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്, KSEBL ലും നടപ്പാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി)നം. 277/2026 ( KSEBL/SEC/PD/304/2026-SI ) തിരുവനന്തപുരം.
തീയതി : 27.06.2026

---

പരാമർശം: 1. 11.05.2023 ൽ പുറപ്പെടുവിക്കപ്പെട്ട സർക്കാർ ഉത്തരവ്(കൈ) നമ്പർ 2/2023/SJD, തിരുവനന്തപുരം.

2. KSEBL മാനവ വിഭവശേഷി നിർവ്വഹണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുള്ള ,28.02.2026 ലെ EB7/General/BAMS/2025-)ം നമ്പർ കത്ത്.
3. 04.05.2026 ൽ ഡയറക്ടർ (എച്ച്.ആർ.എം, സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)ന് സമർപ്പിക്കപ്പെട്ട KSEBL/SEC/PD/304/2026-S1 നമ്പർ കുറിപ്പ്
4. 15.05.2026-ൽ KSEBL മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിക്കപ്പെട്ട KSEBL/SEC/PD/304/2024-SI നമ്പർ കുറിപ്പ് (അജണ്ട നമ്പർ: 04/46/05/26).
5. KSEBL മുഴുവൻ സമയ ഡയറക്ടർമാരുടെ 26.05.2026 ലെ യോഗത്തിന്റെ മിനുട്സിലെ റെസൊല്യൂഷൻ നമ്പർ: FTD 04/05/26/46.

## ഉത്തരവ്

ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വളർച്ച ഇല്ലായ്മ (Mental Retardation), ബഹുവൈകല്യം (Multiple Disabilities) മുതലായ അവസ്ഥകളിൽ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരിൽ ഒരാൾക്ക്, സർക്കാർ ജീവനക്കാർക്ക് നിലവിൽ ജോലി സമയത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഇളവുകൾക്ക് പുറമേ, ഒരു മാസം ആകെയുള്ള ജോലി സമയത്തിൽ, പരമാവധി 16 മണിക്കൂർ കൂടി ഇളവ് അനുവദിച്ചുകൊണ്ട്, കേരള സർക്കാർ സാമൂഹ്യനീതി(ബി) വകുപ്പ് സൂചന (1) പ്രകാരം, ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ മുഴുവൻ സർക്കാർ കാര്യാലയങ്ങൾക്കും , 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിലെ സെക്ഷൻ 2 (k) പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ള (കെ.എസ്.ഇ.ബി.എൽ.

അടക്കമുള്ള) എല്ലാ "സർക്കാർ സ്ഥാപനങ്ങൾക്കും" പ്രസ്തുത ഉത്തരവ് ബാധകമായിരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്.

ടി വിഷയം, ചീഫ് പേഴ്സണൽ ഓഫീസർ, പരാമർശം (4) പ്രകാരം, കെ.എസ്.ഇ.ബി.എൽ. മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ചിരുന്നു.

വിഷയം വിശദമായി പരിശോധിച്ച ശേഷം, 26.05.2026 ന് ചേർന്ന കെ.എസ്.ഇ.ബി.എൽ. മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വളർച്ച ഇല്ലായ്മ (Mental Retardation), ബഹു വൈകല്യം (Multiple Disabilities) മുതലായ അവസ്ഥകളിൽ 40 ശതമാനമോ അതിലധികമോ ഭിന്ന ശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരിൽ ഒരാൾക്ക്, സർക്കാർ ജീവനക്കാർക്ക് നിലവിൽ ജോലി സമയത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഇളവുകൾക്ക് പുറമേ, ഒരു മാസം ആകെയുള്ള ജോലി സമയത്തിൽ, പരമാവധി 16 മണിക്കൂർ കൂടി ഇളവ് അനുവദിച്ചുകൊണ്ട്, കേരള സർക്കാർ സാമൂഹ്യനീതി (ബി) വകുപ്പ് 11.05.2023 തീയതി പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്, കെ.എസ്.ഇ.ബി.എൽ.-നും കൂടി ബാധകമാക്കുവാൻ തീരുമാനിച്ചു.

KSEBL ജീവനക്കാർക്ക് ജോലി സമയത്തിൽ ഇപ്പോഴുള്ള ഇളവുകൾക്ക് പുറമേ, അർഹരായ വർക്ക്, പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം കൂടി അനുവദിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നിലവിലെ പഞ്ചിംഗ് സംവിധാനത്തിൽ( BAMS – ൽ ) ഏർപ്പെടുത്തുവാൻ, ഐ. റ്റി. വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു.

മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

( ഒപ്പ് )

**ലേഖ. ജി**

**കമ്പനി സെക്രട്ടറി ഇൻചാർജ്ജ്**

**ഗ്രാഹകൻ**

1. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം), KSEBL, വൈദ്യുതി ഭവനം, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ (ഐറ്റി), വൈദ്യുതി ഭവനം, തിരുവനന്തപുരം.

പകർപ്പ്: എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (എച്ച്.ആർ.എം, സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം)/ ടി. എ ടു ഡയറക്ടർ (ജനറേഷൻ - ഇലക്ട്രിക്കൽ, റീസ്, സൗര)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ & എസ്. ഒ ഫുൾ അഡീഷണൽ ചാർ

ജ്ജ്)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ/ഡെപ്യൂട്ടി സെക്രട്ടറി(അഡ്മിനിസ്ട്രേഷൻ) പി. എ ടുഡയറക്ടർ(ഫിനാൻസ്)/ എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സീനിയർ സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Bimugopamth

**സീനിയർ സൂപ്രണ്ട്.**